സംസ്ഥാനങ്ങളിലേയ്ക്കും, വിവിധ വകുപ്പുകളിലേയ്ക്കും യുവജനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുമായും, വിവിധവകുപ്പ് തലവന്മാരുമായും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധസമിതി, അതിന്റെ റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം

13(916) ശ്രീ. എൻ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായത്തെക്കുറിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകാൻ ഇപ്പോൾ പഞ്ചായത്തുകളെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) പഞ്ചായത്തുകൾ പ്ലാൻ ഫണ്ട് തയ്യാറാക്കുന്ന സമയത്ത് ഇതിനാവശ്യമായ തുക വകയിരുത്താത്തതുമൂലം ഈ ആനുകൂല്യം നിഷേധിക്കപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനാവശ്യമായ ഫണ്ട് വകയിരുത്തുവാൻ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് അടിയന്തിരമായി സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998-99 വരെ നടപ്പിലാക്കിയിരുന്ന പദ്ധതി പ്രകാരം 12,000 രൂപയിൽ കവിയാത്ത കുടുംബവാർഷിക വരുമാനമുള്ളവർക്കാണ് 2000 രൂപ വീതം വിവാഹ ധനസഹായം അനുവദിച്ചിരുന്നത്. 26-11-1998 ലെ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായത്തിന്റെ തുക 5000 രൂപയായി ഉയർത്തി.

(ബി) ഇല്ല.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിരിക്കുന്ന ഒരു പദ്ധതിയാണിത്.

(ഡി) ആനുകൂല്യം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly